പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.826 20.03.2013-ൽ മറുപടി നൽകിയത്

## തലസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ശുദ്ധജലവിതരണ പൈപ്പ് പൊട്ടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.സുനിൽകുമാർ<br>ശ്രീ.വി.ശശി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തലസ്ഥാനത്ത് അടിക്കടി യുണ്ടാകുന്ന ശുദ്ധജലവിതരണ പൈപ്പ് പൊട്ടലിന് പിന്നിൽ അട്ടിമറിയുള്ളതായി സംശയിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണ റിപ്പോർട്ട് വിവരങ്ങൾ വ്യക്തമാക്കുമോ; | (എ) & (ബി) | ഇതിനെ സംബന്ധിച്ച് അന്വേഷി ക്കാൻ ഒരു അന്വേഷണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. കമ്മീഷന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.<br>1.ശ്രീ.കെ.ജയകുമാർ (മുൻ ചീഫ് സെക്രട്ടറി) - ചെയർമാൻ<br>2. ശ്രീ.പി.ചന്ദ്രശേഖർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്<br>3.ശ്രീ.എബ്രഹാം ജേക്കബ്, ചീഫ് ടെക്നിക്കൽ എക്സാമിനർ<br>4.ശ്രീ.റ്റി.സി. സുബ്രമൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>(2–4) മെമ്പർ |
| (ബി) | പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (സി) | ആറ്റുകാൽ പൊങ്കാലയുടെ തലേ ദിവസം തിരുവനന്തപുരം നഗരത്തി ലേക്കുള്ള ശുദ്ധജല വിതരണ പൈപ്പ ലൈൻ പൊട്ടിയതിനെ ത്തുടർന്ന് ജനങ്ങൾക്കും ഭക്തജന ങ്ങൾക്കും കുടിവെള്ള മെത്തിക്കാൻ | (സി) | ആറ്റുകാൽ പൊങ്കാലയുടെ തലേ ദിവസം തിരുവനന്തപുരം നഗരത്തി ലേക്ക് ശുദ്ധജലം എത്തിക്കുന്ന 1200 എംഎം പി.എസ്.സി പൈപ്പ് ലൈൻ, പേരൂർക്കടയ്ക്കും, അരുവിക്കരയ്ക്കു മിടയിലായി 4 സ്ഥലങ്ങളിൽ തകരാറി |

| | |
|---|---|
| സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ലായതുമൂലം തിരുവനന്തപുരം നഗരത്തിൽ ഒബ്സർ വേറ്ററിയിലുള്ള ജലസംഭരണിയിൽ നിന്നും ജലം ലഭ്യമാകുന്ന പ്രദേശങ്ങളായ സ്റ്റാച്യു, കണ്ണമ്മൂല, മെഡിക്കൽ കോളേജ്, പേട്ട, കുമാരപുരം, ശംഖുമുഖം, ചാക്ക, പാറ്റൂർ, ആയുർ വേദ കോളേജ്, ജനറൽ ഹോസ്പിറ്റൽ തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധജലവിതരണം തടസ്സപ്പെടുന്ന സ്ഥിതി വിശേഷമുണ്ടായി ആറ്റുകാൽ പൊങ്കാല നടക്കുന്ന പ്രദേശങ്ങളിലേക്ക് പ്രധാനമായും ശുദ്ധജലം ലഭ്യമാക്കുന്നത് വെള്ളയമ്പലത്തുള്ള ഭൂഗർഭ ജലസംഭരണിയിൽ നിന്നുമാണ്. ഈ ജലസംഭരണിയിലെ ജലനിരപ്പ് എല്ലാ പ്രദേശങ്ങളിലും ജലം ലഭ്യമാകുന്ന നിലയിൽ തന്നെ ക്രമപ്പെടുത്തിയിട്ടുണ്ടായിരുന്നു പെട്ടെന്നുണ്ടായ പൈപ്പ് പൊട്ടൽ മൂലം ഈ ജലസംഭരണിയിലെ ജലനിരപ്പിൽ വ്യതിയാനം സംഭവിക്കാതിരിക്കു വാനായി അടിയന്തിരമായി പി.റ്റി.പി. നഗറിലുള്ള ജലസംഭരണിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>പി.റ്റി.പി നഗറിലും, വെള്ളയമ്പലത്തു മുള്ള ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും ടാങ്കർ ലോറികൾ വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺ ട്രോൾ റൂം വെള്ളയമ്പലത്തുള്ള ഹെൽപ്പ് ലൈനിനോട് ചേർന്ന് ഉടൻ തന്നെ പ്രവർത്തനം ആരംഭിച്ചു. 25.02.2013 മുതൽ പൈപ്പ് ലൈനിലെ ചോർച്ച പരിഹരിച്ച് ജലവിതരണ പുനസ്ഥാപി ക്കുന്നതുവരെ കേരളാ വാട്ടർ അതോറി- റ്റിയുടെയും റവന്യൂ വകുപ്പി ന്റെയും, തിരുവനന്തപുരം കോർപ്പറേഷ ന്റെയും, |

ഫയർ ഫോഴ്സിന്റെയും ടാങ്കറു കളിലൂടെ 562 ലോഡ് ശുദ്ധജലം ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും വിതരണം ചെയ്തു. ഇത്തരത്തിൽ ശുദ്ധജലം ലഭ്യമാക്കിയതു മൂലവും വെള്ളയമ്പലം ജലസംഭരണിയിൽ ആവശ്യത്തിന് ജലം സംഭരിച്ചതുമൂലവും പൊങ്കാല നടക്കുന്ന പ്രദേശങ്ങളിൽ ഭക്തജനങ്ങൾക്ക് യാതൊരു തടസ്സങ്ങളുമില്ലാതെ ശുദ്ധജലം ലഭ്യമാക്കുവാൻ സാധിച്ചു.

(ഡി) പ്രസ്തുത സാഹചര്യത്തെത്തുടർന്ന് ടാങ്കറുകളിൽ കുടിവെള്ള മെത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ചെലവിൽ എത്ര ടാങ്കറുകളാണ് കുടിവെള്ള വിതരണം നടത്തിയത്; ഇതിൽ സർക്കാർ ഉടമസ്ഥതിലുള്ള ടാങ്കറുകൾ എത്ര; സ്വകാര്യ ടാങ്കറുകൾ എത്ര വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ദിവസങ്ങളിലെ കുടിവെള്ള വിതരണത്തിനായി മൊത്തം ചെലവഴിച്ച തുകയെത്ര ആയതിൽ സ്വകാര്യ ടാങ്കറുകളുടെ ചെലവ് എത്രയായിരുന്നു വെന്നറിയിക്കുമോ ?

(സി) ടാങ്കറുകൾ വഴി കുടിവെള്ള മെത്തിച്ചിട്ടുണ്ട്. 25.02.2013, 16.02.2013 എന്നീ ദിവസങ്ങളിലായി 325 ലോഡും 27.02.2013, 28.02.2013 എന്നീ ദിവസങ്ങളിലായി 237 ലോഡും കുടിവെള്ളം ടാങ്കറുകളിലൂടെ കേരള വാട്ടർ അതോറിറ്റിയും, റവന്യൂ വകുപ്പും തിരുവനന്തപുരം കോർപ്പറേഷനും, ഫയർ ഫോഴ്സും ചേർന്ന് വിതരണം ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 5 ടാങ്കറുകളും ഫയർ ഫോഴ്സിന്റെ ടാങ്കറുകളും, തിരുവനന്തപുരം കോർപ്പറേഷന്റെ ടാങ്കറുകളും, റവന്യൂ വകുപ്പിൽ നിന്നും ഏർപ്പാടാക്കിയ സ്വകാര്യ ടാങ്കറുകളും ശുദ്ധജലവിതരണത്തിനായി ഉപയോഗിക്കുകയുമുണ്ടായി. കേരള വാട്ടർ അതോറിറ്റി ട്രീറ്റ് മെന്റ് പ്ലാന്റിൽ നിന്നും ശുദ്ധജലം കേരള വാട്ടർ അതോറിറ്റി ടാങ്കറുകളിൽ നിറച്ച് വിതരണം ചെയ്യുകയുണ്ടായി. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെ ടാങ്കറുകൾ ഓടിയതിനാവശ്യമായ ചിലവായ ഇനത്തിൽ 2,26,800/- രൂപ ചിലവായി. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 80 സ്വകാര്യ ടാങ്കറുകളിൽ 194 ട്രിപ്പുകൾ മുഖാന്തിരം

കുടിവെള്ള വിതരണം നടത്തിയതിന് 2,46,990/- രൂപ ചെലവായിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയ്ക്ക് കുടിവെള്ള വിതരണം നടത്തിയതിന് 10,900/ രൂപയും ചെലവായിട്ടുണ്ട്. കേരള ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ആറ് ലോറികൾ ഒരു വാട്ടർ ടെൻഡർ എന്നിവയിലൂടെ സൗജന്യമായി ജലവിതരണം നടത്തുകയുണ്ടായി. കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം ജില്ലാ ഭരണകൂടം, തിരുവനന്തപുരം നഗരസഭ എന്നീ സ്ഥാപനങ്ങൾക്ക് എല്ലാം കൂടി ആകെ 4,84,690/- രൂപ ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ